**E 1559** (Pages : 3) Reg. No..................................

Name.....................................

# B.A. DEGREE (C.B.C.S.S.) EXAMINATION, MARCH 2015

## Sixth Semester

B.A. Malayalam (Model I and Model II)

Core Course—**കഥാസാഹിത്യം**

Time : Three Hours Maximum Weight : 25

### എ വിഭാഗം

ശരിയായ ഉത്തരം എടുത്തെഴുതുക.

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായികയേത് ?

(a) കേരളസിംഹം. (b) മാർത്താണ്ഡവർമ്മ.

(c) ഭൂതരായർ. (d) കേരളപുത്രൻ.

2 ദൈവനീതിക്ക് ദാക്ഷിണ്യമില്ല എന്ന കൃതിയുടെ രചയിതാവാര് ?

(a) അയ്യപ്പപ്പണിക്കർ. (b) ഡോ. കെ. ഭാസ്കരൻ നായർ.

(c) എൻ. കൃഷ്ണപിള്ള. (d) സി.വി. രാമൻപിള്ള.

3 ടി. പത്മനാഭന്റേതല്ലാത്ത കഥയേത് ?

(a) ഗൗരി. (b) കടൽ.

(c) മഖൻസിങ്ങിന്റെ മരണം. (d) ഇരുട്ടിന്റെ ആത്മാവ്.

4 ബഷീറിന്റെ കഥയാണ് :

(a) ദേശ് ഒരു ഹിന്ദുസ്ഥാനി രാഗം. (b) ജന്മദിനം.

(c) വെളുത്തകുഞ്ഞ്. (d) കൃഷ്ണഗാഥ.

II. 5 സുഭദ്രയെ വെട്ടിക്കൊന്നതാര് ?

(a) തിരുമുഖത്തു പിള്ള. (b) കുടമൺപിള്ള.

(c) പത്മനാഭൻ തമ്പി. (d) ബീറാംഖാൻ.

6 മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലെഴുതിയതാര് ?

(a) എം.ടി. വാസുദേവൻനായർ. (b) മുകുന്ദൻ.

(c) കാക്കനാടൻ. (d) എസ്.കെ. പൊറ്റക്കാട്.

7 ആത്മഹത്യ ചെയ്ത സാഹിത്യകാരിയാണ് :

(a) സരസ്വതിയമ്മ. (b) രാജലക്ഷ്മി.

(c) മാധവിക്കുട്ടി. (d) ലളിതാംബിക അന്തർജ്ജനം.

**Turn over**

8 'സരസ്വതി വിജയം' എഴുതിയതാര് ?

(a) പോത്തേരി കുഞ്ഞമ്പു. (b) സരസ്വതിയമ്മ.
(c) സി.വി. രാമൻപിള്ള. (d) കുട്ടമത്ത്.

III. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

9 അംബികാസുതൻ മാങ്ങാടിൻെറ മറ്റൊരു നോവലിൻെറ പേരെഴുതുക.

10 ബാല്യകാല സഖിയിലെ പ്രണയിനിയാര് ?

11 അസുരവിത്ത് ആരുടെ നോവലാണ് ?

12 ഏതു പ്രദേശത്തെ ഭാഷയും ജീവിതവുമാണ് ഖസാക്കിൻെറ ഇതിഹാസത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നത് ?

IV. ചേരുംപടി ചേർക്കുക :

13 ചെമ്മീൻ — ടി. പത്മനാഭൻ.

14 പ്രകാശം പരത്തുന്ന പെൺകുട്ടി — ടി.കെ.സി. വടുതല.

15 തോൽവി — സി.വി. രാമൻപിള്ള.

16 രാമരാജ ബഹദൂർ — തകഴി.

(4 × 1 = 4)

ബി വിഭാഗം

അഞ്ചെണ്ണത്തിന് അമ്പതു വാക്കിൽ ഉത്തരമെഴുതുക.

17 സുന്ദരയ്യൻെറ പൂർവ്വചരിത്രമെന്ത് ?

18 "അയാൾ മുഖം മുഴുവൻ പരന്ന ഒരു ചിരി ചിരിച്ചു"—ആര് ? എപ്പോൾ ?

19 കഥയെന്ന സാഹിത്യരൂപത്തെ കവിതയോടടുപ്പിക്കുന്ന സ്വതസ്സിദ്ധമായ ആഖ്യാനഭാഷ ടി. പത്മനാഭൻെറ പ്രത്യേകതയാണ്—വിശകലനം ചെയ്യുക.

20 മലയാളത്തിലെ ആദ്യകാല കഥകളുടെ പ്രത്യേകതകളെന്ത് ?

21 ടി.കെ.സി. വടുതലയുടെ തോൽവി എന്ന കഥയുടെ സവിശേഷതകൾ വിവരിക്കുക.

22 വെളുത്തകുഞ്ഞ് എന്ന കഥയിലെ ജീവിത ചിത്രമെന്ത് ?

23 "അങ്കിച്ചി മറച്ചുവെച്ച ഒരു കാര്യം അന്നേരം വെളിപ്പെടുത്തിയേ മതിയാകൂ എന്ന് ഉമ്പിച്ചിക്ക് തോന്നി"—രഹസ്യമെന്ത് ?

24 മലയാളത്തിലെ ചരിത്ര നോവലുകളെക്കുറിച്ച് ചുരുക്കി വിവരിക്കുക.

(5 × 1 = 5)

## സി വിഭാഗം

**നാലെണ്ണത്തിന് നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

25 അനന്തപത്മനാഭൻ അജ്ഞാനവാസം നടത്തിയതെന്തുകൊണ്ട് ? അതുകൊണ്ടുണ്ടായ നേട്ടങ്ങളേവ ?

26 നിഷ്കളങ്ക ജീവിതങ്ങളിൽ കുരുക്കുകൾ വന്നു മുറുകുന്ന വഴി കാണിച്ചുതരുന്ന കഥയാണ് ഫോട്ടോ —വിവരിക്കുക.

27 "ആണും തൂണുമില്ലാത്ത ഒരു മുക്കോത്തിപ്പെണ്ണ് കടൽ കടന്നുവന്ന പരദേശികളെ മുട്ടുകുത്തിച്ചത് നിസ്സാരകാര്യമാണോ" ? സന്ദർഭം വിശദമാക്കുക.

28 തകഴിയുടെ വെളുത്ത കുഞ്ഞ് എന്ന കഥയുടെ സാമൂഹിക പശ്ചാത്തലമെന്ത് ?

29 മാങ്കോയിക്കൽ കുറുപ്പിന്റെ രാജഭക്തി പ്രശംസനീയമായിത്തീരുന്ന ഒന്നാണ്—വിശദീകരിക്കുക.

30 കെ.ആർ. മീരയുടെ കൃഷ്ണഗാഥ ശ്രദ്ധേയമായിത്തീരുന്നതെന്തുകൊണ്ട് ?

$(4 \times 2 = 8)$

## ഡി വിഭാഗം

**രണ്ടെണ്ണത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

31 കഥാപാത്രങ്ങൾക്ക് വ്യക്തിത്വം നല്കാൻ സി.വി. രാമൻപിള്ളയ്ക്ക് അനായാസം കഴിയുന്നു. മാർത്താണ്ഡവർമ്മയെ മുൻനിർത്തി പരിശോധിക്കുക.

32 ഒരു ജനസംസ്കൃതിയിൽ ടൂറിസത്തെ മറയാക്കി ആഗോളവൽകൃത കാലത്തിന്റെ കരാളഹസ്തം പിടിമുറുക്കുന്നതിന്റെ ദയനീയ കാഴ്ചയാണ് മരക്കാപ്പിലെ തെയ്യങ്ങൾ അനാവരണം ചെയ്യുന്നത് —തെളിയിക്കുക.

33 ആധുനികോത്തര കഥകളുടെ സവിശേഷതകളെന്ത് ?

$(2 \times 4 = 8)$